# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5504 24.05.2017- ൽ മറുപടിയ്ക്ക്

## നോർക്കയുടെ നേതൃത്വത്തിൽ ഗവൺമെന്റ് പോളിടെക്നിക് വഴി സ്കിൽ ഡെവലപ്മെന്റ് കോഴ്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | നോർക്കയുടെ നേതൃത്വത്തിൽ ഗവ.പോളിടെക്നിക് വഴി നടത്തുന്ന സ്കിൽ ഡെവലപ്മെന്റിന്റെ (പട്ടിക ജാതി കുട്ടികൾക്ക് നല്കുന്ന ഫയർ ആന്റ് സേഫ്റ്റി, വെൽഡിംഗ് ടെക്നോളജി, അലുമിനിയം ഫാബ്രിക്കേഷൻ എന്നിവയിലെ സൗജന്യ പഠനമുൾപ്പെടെ) ഈ വർഷത്തെ കോഴ്സ് ആരംഭിക്കുന്നതിന് സംബന്ധിച്ചുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) | ഈ സാമ്പത്തിക വർഷം പോളിടെക്നിക്കുകൾ മുഖാന്തിരം സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | എന്നാണ് ഈ കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; | ബി) | ജൂൺ മാസത്തോടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഈ കോഴ്സ് നടത്തുവാൻ കഴിഞ്ഞ വർഷങ്ങളിൽ താമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ പോളിടെക്നിക്കുകൾ മുഖാന്തിരം സ്കിൽ അപ്ഗ്രഡേഷൻ കോഴ്സുകൾ നടത്തിയിരുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | പട്ടിക ജാതി കുട്ടികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നതിനായി എല്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴിയും നിർദ്ദേശം നല്കിയിട്ടുണ്ടോ ? | ഡി) | വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽ പരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനും നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ജാതി ഭേദമെന്യേ തൊഴിൽകാംക്ഷികൾക്ക് ഈ കോഴ്സിന് അപേക്ഷിക്കാം എന്നതിനാൽ പട്ടികജാതി കുട്ടികൾക്ക് മാത്രമായി ഈ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നതിലേക്കായി പട്ടിക ജാതി വികസന ഓഫീസുകൾ വഴി നിർദ്ദേശം നല്കാറില്ല. |

**സെക്ഷൻ ഓഫീസർ**